**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **20-03-2013-ലെ മറുപടിയ്ക്ക്**
**നിയമസഭാ ചോദ്യം നമ്പർ. 907.**

**തണൽ പദ്ധതി**

**ചോദ്യം** **ഉത്തരം**

ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ.ശിവദാസൻ നായർ:
ശ്രീ. എം.എ.വാഹീദ്:
ശ്രീ. വി.റ്റി.ബൽറാം:

: ശ്രീ. ഷിബു ബേബിജോൺ
(ബഹു. തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി)

(എ) തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ തണൽ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(എ) ഉണ്ട്. പരമ്പരാഗത മേഖലയിലെ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവരും ദിവസം 150/- രൂപയോ അതിൽ കുറവോ വേതനം കൈപ്പറ്റുന്നവരുമായ തൊഴിലാളികൾക്ക് അവരുടെ വരുമാനത്തിന് പിൻബലം നൽകുന്നതിന് ലക്ഷ്യമിട്ടിട്ടുള്ളതും 2012-13-ൽ ഈ പദ്ധതിയിൽ ബീഡി, ഖാദി, മത്സ്യബന്ധനവും മത്സ്യസംസ്കരണവും, കയർ, കുട്ട, പായ്നെയ്ത്ത്, മൺപാത്ര നിർമ്മാണം, അവശത അനുഭവിക്കുന്ന വിദഗ്ദ്ധ തൊഴിലാളികൾ എന്നിവരെ ഉൾപ്പെടുത്തി തൊഴിൽ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്കു വരുമാന പിൻബലം നൽകൽ പദ്ധതി പ്രകാരം 2012-13-ൽ 75 കോടി രൂപ വകയിരുത്തിയിരുന്നതിൽ ഫിഷറീസ് വകുപ്പിന് നൽകിയ 30 കോടി രൂപ ഉപയോഗിച്ചാണ് തണൽ പദ്ധതി നടപ്പിലാക്കുന്നത്

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന തണൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ മത്സ്യതൊഴിലാളികളിൽ സമ്പാദ്യ ശീലം വളർത്തുന്നതിനും മത്സ്യ ലഭ്യത കുറഞ്ഞ മാസങ്ങളിൽ (മാർച്ച് മുതൽ ആഗസ്റ്റ് വരെ) അവരുടെ വരുമാനത്തിന് പിൻബലം നൽകാനുമാണ് ടി പദ്ധതി ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) ഏതെല്ലാം വകുപ്പുകളാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(സി) കേരള മത്സ്യ - തൊഴിലാളി സഹകരണ സംഘങ്ങളാണ് ഈ പദ്ധതിയുമായി സഹകരിച്ചു പ്രവർത്തിക്കുന്നത്.

(ഡി) മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞമാസങ്ങളിൽ വരുമാനം ഉറപ്പാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

വിശദമാക്കുമോ?

(ഡി) പഞ്ഞ മാസങ്ങളിൽ നിലവിൽ നൽകുന്ന ആനുകൂല്യത്തിന് പുറമെ 1500/- രൂപ വീതം ഓരോ മത്സ്യത്തൊഴിലാളിക്കും പഞ്ഞ മാസങ്ങളിലും, മറൈൻ മത്സ്യത്തൊഴിലാളികൾക്ക് മാർച്ച്, ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലും, ഇൻലാന്റഡ് മത്സ്യത്തൊഴിലാളികൾക്ക് ജൂൺ മുതൽ ആഗസ്റ്റ് വരെ മാസങ്ങളിലും നൽകുന്നതിനാണ് തണൽ പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ